

# Mother of a strong Man

## ബലവാന്റെ മാതാവ് (ന്യായാ:13)

ദൈവവചനത്തിൽ ബലവാനായ മകന്റെയും അവന്റെ പിതാവിന്റെയും പേർ ചേർത്തിട്ടുണ്ടെങ്കിലും ന്യായാധിപൻമാരുടെ പുസ്തകത്തിൽ മാതാവിന്റെ സ്ഥാനത്ത് പേർ ചേർത്തിട്ടില്ല. യെഹൂദസ്ത്രീ ആയ ഇവരിടെ പേർ യെഹൂദ തൽമൂദിൽ ഹസ്സെലൊല്പോനി എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ പേർ (1 ദിന:4:3)ൽ കാണുന്നു. മക്കൾക്കുവേണ്ടി കാത്തിരുന്ന് പ്രാർത്ഥിച്ച വചനത്തിലെ സ്ത്രീകളിൽ ഒരാളാണ് മനോഹയുടെ ഭാര്യയും.നിരാശ വരുത്തുന്ന ഈ സാഹചര്യത്തിലും ഇവർ എല്ലാവരും സർവ്വശക്തനിൽ ആശ്രയിച്ചിരുന്നു. ഇന്ന് ഏത് ചെറിയ പ്രശ്നത്തിന്റെയും മുമ്പിൽ പതറി, ജീവിതം അവസാനിപ്പിക്കുന്നവർ, പ്രാർത്ഥനയ്ക്ക് മറുപടി തരുന്ന ദൈവമുണ്ടെന്ന് മറക്കരുത്.

**ഈ സ്ത്രീയുടെ പ്രത്യേകതകൾ നമുക്കൊന്ന് പഠിയ്ക്കാം**

**(1) യഹോവയുടെ ദൂതന്റെ പ്രത്യക്ഷത ലഭിച്ച ഭാഗ്യവതി**

ന്യായാധിപന്മാർ ന്യായപാലനം നടത്തിവന്ന കാലഘട്ടത്തിൽ പ്രമാണം വിട്ടകന്ന് ദൈവീകദർശനം നഷ്ടപ്പെട്ടവർ ശത്രുകരത്താൽ കഷ്ടത അനുഭവിച്ചിരുന്നു.എന്നാൽ അങ്ങനെയുള്ളവരുടെ നടുവിൽ നിന്ന് ദൈവം തിരഞ്ഞെടുത്ത് സ്വർഗ്ഗപ്രത്യക്ഷത നൽകിയ സ്ത്രീയാണ് മനോഹയുടെ ഭാര്യ. വിശ്വാസവും, ഉത്തരവാദിത്തവുമുള്ള സ്ത്രീയാകയാലാവാം മറിയയെപ്പോലെ സ്വർഗ്ഗീയ പ്രത്യക്ഷതയും,ഭാഗ്യവതി എന്ന പ്രശംസയും ലഭ്യമായത്.

**(2) മാതാവാകും മുമ്പേ നിർദ്ദേശം ലഭിച്ചവൾ**

തന്റെ ആഗ്രഹം വ്യക്തമായി അറിയാവുന്ന ആളാണ് തനിക്ക് പ്രത്യക്ഷനായ വ്യക്തി എന്ന് അവൾ മനസ്സിലാക്കി. മാതാവാകുമെന്നും , താൻ എപ്രകാരം ആ പദവിക്കായി ഒരുങ്ങണമെന്നും പ്രത്യക്ഷനായ വ്യക്തി അവൾക്ക് വേണ്ട നിർദ്ദേശം നൽകിയിരുന്നു.മറ്റുള്ള സ്ത്രീകളെപ്പോലെ പ്രസവിച്ചിരുന്നു എങ്കിൽ ഈ ഭാഗ്യം അവൾക്ക് ലഭിക്കുക ഇല്ലായിരുന്നു. അവളിൽ കൂടെ ജനിക്കേണ്ടവൻ ദൈവത്തിന് വേണ്ടവൻ ആകയാലാണ് ദൂതൻ വന്ന് നിർദ്ദേശങ്ങൾ നൽകിയത്.

Read -ന്യായാ:(13:4-7)

**(3) ദൈവീക ആലോചനയിലേക്ക് ഭർത്താവിനെയും ഉൾപ്പെടുത്തിയ ഭാര്യ**

ഭാര്യയ്ക്ക് ലഭിച്ച സ്വർഗ്ഗീയ പ്രത്യക്ഷത അറിഞ്ഞ മനോഹ, ദൈവപുരുഷൻ വീണ്ടും വന്ന് ഞങ്ങൾക്ക് ഉപദേശം തരുമാറാകണേ എന്ന് യഹോവയോട് പ്രാർത്ഥിച്ചു. അപ്പോഴും ഭാര്യയ്ക്കാണ് ദർശനം ലഭിച്ചത്.ഉടനെ സ്ത്രീ ഓടിച്ചെന്ന് ഭർത്താവിനെ അറിയിക്കുകയും അവർ ഒരുമിച്ച് ദൈവദൂതന്റെ അടുക്കലെത്തുകയും ചെയ്തു. ന്യായാ:(13:9-11). ഒത്തൊരുമയുള്ള ഭാര്യാഭർത്താക്കൻമാർക്ക് ഇവർ നല്ല മാതൃകയാണ്.ആരോട് സംസാരിച്ചു എന്നല്ല , ആരാണ് സംസാരിച്ചത് എന്നതാണ് പ്രധാനം.

**(4) ഭർത്താവിനൊപ്പം ദൈവത്തിന് നന്ദി കരേറ്റിയ സ്ത്രീ**

വാഗ്ദത്ത ലഭ്യതയ്ക്കു മുമ്പു തന്നെ ലഭിച്ച വാഗ്ദത്തിന് നന്ദി കരേറ്റുവാൻ ശ്രമിച്ച ദമ്പതികളോട് ഹോമയാഗം കഴിക്കുന്നത്

യഹോവയ്ക്കു മാത്രമേ ആകാവൂ എന്ന് ദൈവപുരുഷൻ നിർദ്ദേശിച്ചത് അവർ അനുസരിച്ചു. ഹോമയാഗത്തിന്റെ പുക ആകാശത്തേക്കുയർന്നപ്പോൾ ദൂതൻ ജ്വാലയോടൊപ്പം കയറിപ്പോകുന്ന അത്ഭുത കാഴ്ചകണ്ട് ദമ്പതികൾ സാഷ്ടാംഗം വീണ് ദൈവത്തെ മഹത്വപ്പെടുത്തി. അഗ്നിജ്വാലയിൽ അവർ കണ്ടത് സാക്ഷാൽ മശിഹാ എന്ന് അവർ മനസ്സിലാക്കി. മറ്റു പലർക്കും ലഭിക്കാത്ത പദവി ഇവർക്ക് ലഭിച്ചത് എത്ര ശ്രേഷ്ഠമാണ്. നന്മ പ്രാപിക്കണമെന്ന് ആഗ്രഹമുള്ള ദമ്പതികൾ ഏകമനസ്സോടെ ദൈവീക വാഗ്ദത്തം ഏറ്റെടുത്ത് വിശുദ്ധിയിൽ ക്രിസ്തുവാകുന്ന പാറയിൽ ദൈവത്തെ ആരാധിക്കുക.അപ്പോൾ നിശ്ചയമായും അനുഗ്രഹങ്ങൾ ധാരാളമായി വർഷിപ്പിയ്ക്കും.

**(5) ഭർത്താവിനെ ധൈര്യപ്പെടുത്തുന്ന വിവേകമതിയായ ഭാര്യ -ന്യായാ:(13:22-23).**

"പരിശുദ്ധനെക്കുറിച്ചുള്ള പരിജ്ഞാനം വിവേകം ആകുന്നു." (സദൃ:9:10)

ദൈവത്തെ കണ്ടതിനാൽ മരണം സംഭവിക്കുമെന്നു ഭയന്ന ഭർത്താവിന് , യാഗത്തിൽ പ്രസാദിച്ച ദൈവത്തെക്കുറിച്ചും, നിർദ്ദേശങ്ങൾ തന്നത് തങ്ങളെ സ്നേഹിക്കുന്ന ദൈവമാകയാലാണെന്നും , അവൾ മനസ്സിലാക്കിക്കൊടുത്തു. ബലഹീനതയിൽ പരിഹസിക്കുന്നവരല്ല, ഏതവസ്ഥയിലും ധൈര്യപ്പെടുത്തി കൂടെ നിൽക്കുന്ന വിവേകമതികളായ ദമ്പതികളാകുക.

**(6) നിന്ദമാറി - നിരാശയിലോ അന്ത്യം ?**

ദൈവീക നിർദ്ദേശം അംഗീകരിച്ച് സൂക്ഷിച്ചു ജീവിച്ചവൾക്ക് മകനെലഭിച്ചതിനാൽ അവളുടെ നിന്ദ മാറി, മകന് ശിംശോൻ എന്ന് പേരിട്ട അമ്മ നാസീർ ആയിത്തന്നെ അവനെ വളർത്തി. നാസീറായവൻ (ദൈവത്തിനായി വേർതിരിക്കപ്പെട്ടവൻ) യൗവനത്തിൽ ഇന്ദ്രിയ മോഹങ്ങളെ നശിപ്പിക്കാൻ കഴിവില്ലാത്തവനായി. ഇത് മാതാവിനെ വേദനിപ്പിച്ചു. പ്രീയ യുവജനങ്ങളെ ! മാതാപിതാക്കളുടെ ഇംഗിതത്തിനു വിപരീതമായി, ദൈവീക നിർദ്ദേശത്തെ മറുത്ത് ജീവിതം കണ്ടെത്തിയാൽ മാതാപിതാക്കളും സ്വർഗ്ഗവും ദു:ഖിക്കും. അത് ജീവിതത്തകർച്ചയ്ക്ക്

കാരണമാകും. നല്ല ഒരു അമ്മ നല്ല ഉപദേശം നൽകിയിട്ടും നല്ല വഴിയെ വരാത്ത മക്കളെ ഓർത്ത് നിങ്ങൾ ഭാരപ്പെടേണ്ട.നാം നല്ല കാവൽക്കാരാകുക എന്നതു മാത്രമാണ് നമ്മുടെ ഉത്തരവാദിത്തം അതിന് ദൈവം കൃപചെയ്യട്ടെ


Santhamma Varghese

Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind